പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2093 | 22.01.2014 ൽ മറുപടിക്ക്

## സ്ത്രീ സംരക്ഷണ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക<br>,, പി. അയിഷാ പോറ്റി<br>ഡോ. കെ. ടി . ജലീൽ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ബലാത്സംഗത്തിന് വിധേയയായ സ്ത്രീ വാക്കാൽ പരാതിപ്പെട്ടാൽ കേസെടുത്തിരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ ; പാർലമെന്റ് പാസാക്കിയ സ്ത്രീസംരക്ഷണ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) ബലാത്സംഗത്തിന് വിധേയയായ സ്ത്രീ വാക്കാൽ പരാതിപ്പെട്ടാൽ കേസെടുത്തി രിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. പാർലമെന്റ് പാസ്സാക്കിയ സ്ത്രീ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 'സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ നിരോധിക്കലും തടയലും, പരിഹാര നിയമം' വകുപ്പ് 9 (1) പ്രകാരം കുറ്റകൃത്യത്തിനു ഇരയായ സ്ത്രീയുടെ രേഖാമൂലം പരാതി ലഭിച്ചരിക്കണമെന്നും അല്ലാത്തപക്ഷം പരാതി രേഖാമൂലം ആക്കുന്നതിനു വേണ്ട ഉചിതമായ നടപടികൾ പ്രിസൈഡിംഗ് ഓഫീസറോ, ഇന്റേണൽ കമ്മിറ്റി ചെയർപേഴ്സണോ, ലോക്കൽ കമ്മിറ്റി മെമ്പറോ സ്വീകരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. |
| (ബി) പ്രസ്തുത നിയമം നിലവിൽ വന്നത് എന്ന് മുതലാണ്; അതിനുശേഷം എത്ര കേസ്സുകളിൽ പ്രസ്തുത നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി ; | (ബി) 2013 ഫെബ്രുവരി 3-ാം തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ 02.04.2013 ൽ നിലവിൽ വന്ന പ്രസ്തുത നിയമമനുസരിച്ച് 2641 കേസുകളിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായി. |
| (സി) സോളാർ കേസിലെ പ്രതി ശ്രീമതി സരിതാ നായർ താൻ ബലാത്സംഗത്തിന് വിധേയയായതായി മൊഴി നൽകിയിരുന്നുവെന്ന് എറണാകുളത്തെ എ.സി.ജെ.എം. ശ്രീ .എൻ. വി . രാജു കേരള ഹൈക്കോടതി രജിസ്ട്രാർക്ക് മുന്നിൽ ബോധിപ്പിച്ചിട്ടുള്ളതായി സർക്കാരിനറിയാമോ ; | (സി) സോളാർ കേസിലെ പ്രതി ശ്രീമതി സരിതാ എസ്. നായർ എറണാകുളം എ.സി.ജെ.എം. മുമ്പാകെ നൽകിയ മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| (ഡി) ഇതേ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ; ആർക്കെല്ലാം എതിരായിട്ടായിരുന്നു മൊഴി; ഇതു സംബന്ധിച്ച് ശ്രീമതി സരിത എസ്. നായരുടെ ഭർത്താവ് എന്തെങ്കിലും മൊഴിനൽകിയിട്ടുണ്ടായിരുന്നുവോ; മൊഴികളുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) കോടതി സ്വമേധയാ സ്വീകരിക്കുന്ന നടപടികളിന്മേൽ കേസന്വേഷണത്തിന് പ്രസക്തമായവ കോടതി അന്വേഷണ ഉദ്യോഗസ്ഥന് നൽകുന്നതാണ്. അപ്രകാരം മൊഴികളൊന്നും എറണാകുളം എ.സി.ജെ.എം കോടതിയിൽ നിന്നും അന്വേഷണ സംഘത്തിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ